(2) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനം ത്വരിതപ്പെടുത്തണമെന്ന വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കഴിഞ്ഞ റാങ്ക് ലിസ്റ്റിലെ നിയമനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചു റാങ്ക് ലിസ്റ്റിന്റെ അവസാന സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചില സർക്കുലറുകളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അവസാനമാസങ്ങളിൽ ഏതാണ്ട് ആയിരത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്ന സാഹചര്യമുണ്ടായി. പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച തസ്തികയിലെ നിയമനം കഴിഞ്ഞതിനുശേഷം പുതിയ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം ത്വരിതപ്പെടുത്തേണ്ട സമയമാണിപ്പോൾ. 2015 ഓഗസ്റ്റ് 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം P & ARD വകുപ്പ് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. ജനുവരി മുതൽ അടുത്ത ഡിസംബർ വരെയുള്ള ആന്റിസിപേറ്റഡ് വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പുമേധാവികൾക്ക് നിർദ്ദേശം കൊടുക്കുന്ന ഒരു സർക്കുലറാണ്. എന്നാലും ചില വകുപ്പുമേധാവികൾ ഇക്കാര്യത്തിലും കൃത്യമായ ഉത്തരവാദിത്വമില്ലായ്മ കാണിക്കുന്നുണ്ട്, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നുണ്ട്. അതുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം വരുത്തുന്ന വകുപ്പുതലവന്മാർക്കെതിരെ കർശനമായ നടപടിയെടുത്തുകൊണ്ട് സ്റ്റാഡിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ലക്ഷക്കണക്കിനുള്ള ഉദ്യോഗാർത്ഥികൾക്കു വേണ്ടി ഈ നിയമസഭയിൽ അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റാങ്ക് ലിസ്റ്റിലുള്ള ചെറുപ്പക്കാരുടെ മനസ്സിലുള്ള വലിയൊരു ആശങ്ക വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്നുള്ളതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണം. അങ്ങനെ ചെയ്യാത്തവർക്കെതിരെ നടപടിയെടുക്കാൻ വ്യക്തമായിട്ടുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള പരാതികൾ വന്ന സമയത്ത് P & ARD യിൽ ഒരു ഇൻസ്പെക്ഷൻ വിംഗിനെ നിയോഗിച്ചു. വേക്കൻസികളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യുന്നില്ലെന്നുപറഞ്ഞ ഓഫീസുകളിൽ പോയി നേരിട്ട് വെരിഫിക്കേഷൻ നടത്തി. അങ്ങനെയുണ്ടെങ്കിൽ അത് ഉടനടി തിരുത്തുന്നതിന് ഇൻസ്പെക്ഷൻ വിംഗിനെപോലും അയയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ ചില ഓഫീസുകളിൽ പോയി, ചില വേക്കൻസികൾ കണ്ടുപിടിച്ചു. അത് ഉടൻതന്നെ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിയെടുത്തു. വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരോട് വിശദീകരണം

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഏറ്റവുമൊടുവിൽ ഓഗസ്റ്റ് മാസം 17-ാം തീയതി ഇതുസംബന്ധിച്ച് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് 2016 ജനുവരി 1 മുതൽ 2016 ഡിസംബർ 31 വരെയുണ്ടാകാൻ സാദ്ധ്യതയുള്ള തസ്തികകൾ കണക്കാക്കി അതുകൂടി യഥാസമയം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അത്രമാത്രം റാങ്ക് ലിസ്റ്റിൽപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. ഇനിയും എവിടെയെങ്കിലും വീഴ്ചയുണ്ടായി എന്നുപറഞ്ഞാൽ അതിന്മേൽ നടപടിയെടുക്കാൻ തയ്യാറാണ്.

(3) നികുതി പിൻവലിക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ഇന്ന് ബീഡി വ്യവസായം. ബീഡിക്ക് 14.5 ശതമാനം നികുതി ചുമത്തിയതിന്റെ ഫലമായി സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡി വ്യവസായം ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ മേഖലയിൽ നിന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്ന നികുതിതന്നെ 15 കോടി രൂപയാണ്. ദിനേശ് ബീഡി സൊസൈറ്റി 8 കോടി രൂപ ഇപ്പോൾ തന്നെ അടച്ചുകഴിഞ്ഞിരിക്കുകയാണ്. എല്ലാ കൂട്ടർക്കും നിശ്ചയിച്ച നികുതി കുറച്ചുകൊടുക്കുന്ന ഈ സർക്കാർ, ഫ്ലാറ്റുകാർക്ക് വരെ കുറച്ചുകൊടുത്തു. ബീഡിക്കാർക്ക് മാത്രം എന്തുകൊണ്ടാണ് കുറച്ചു കൊടുക്കാത്തത്? ബീഡിമേഖലയിലുള്ള ഈ നികുതി പൂർണ്ണമായും ഇല്ലാതാക്കുന്നില്ലെങ്കിൽ ദിനേശ് ബീഡി വ്യവസായം പൂർണ്ണമായും തകരും. അവിടെ ജോലി ചെയ്യുന്ന പതിനായിരത്തോളം തൊഴിലാളികൾ കൂടി തൊഴിൽരഹിതരായി മാറുന്ന അവസ്ഥ വരും. അതുകൊണ്ട് ഈ 15 കോടി രൂപയ്ക്കുവേണ്ടി സർക്കാർ ഈ വ്യവസായത്തെ നശിപ്പിക്കരുത്. തൊഴിലാളികളെ പട്ടിണിയിലിടരുത്. അതുകൊണ്ട് ഈ കാര്യത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 14.5 ശതമാനം നികുതി വേണ്ടെന്ന് വയ്ക്കാൻ സർക്കാർ തയ്യാറാകണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യം വളരെ ഗൗരവമുള്ളതാണ്. വളരെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലൂടെയാണ് ബീഡി വ്യവസായം കടന്നുപോകുന്നത്. ബീഡി വ്യവസായത്തെ സഹായിക്കുന്നതിനുവേണ്ടി എന്ത് ചെയ്യുന്നതിനും ഗവൺമെന്റ് തയ്യാറാണ്, വരുമാനനഷ്ടം ഒരു പ്രശ്നമേയല്ല. വേണമെങ്കിൽ അത് മുഴുവൻ ഉപേക്ഷിക്കാൻപോലും ഗവൺമെന്റിന് മടിയില്ല. പക്ഷേ ഇതിന് ഒരു മറുവശമുണ്ട്. ഇതിനെ sin goods-ൽപ്പെടുത്തി പരമാവധി നികുതി ചുമത്തണമെന്നുപറഞ്ഞ് ലഹരിവിരുദ്ധ പ്രവർത്തനത്തിലേർപ്പെടുന്നവർ ഈ രാജ്യത്തൊട്ടാകെ ശക്തമായ

LIBRARY ARCHIVES Kerala Legislative Assembly